പുതുതായി നൽകിയ വൈദ്യുതി കണക്ഷനുകൾ

65 [1166] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2005 കാലയളവിൽ പുതുതായി നൽകിയ വൈദ്യുതി കണക്ഷനുകൾ എത്രയാണ്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര വൈദ്യുതി കണക്ഷനുകളാണ് നൽകിയത്;

(സി) അടുത്ത മൂന്ന് മാസത്തിനുള്ളിൽ എത്ര കണക്ഷനുകൾ പുതുതായി നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 2005 ഡിസംബർ വരെ 1973959 കണക്ഷനുകൾ നൽകി.

(ബി) 1718713.

(സി) ഒരു ലക്ഷം.

ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം

66 [1167] ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുതി പദ്ധതികളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) ഈ രംഗത്ത് എത്ര മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനയായിരുന്നു യു. ഡി. എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം;

(സി) ഇപ്രകാരം സംസ്ഥാനത്ത് പരമാവധി എത്ര മെഗാവാട്ട് വൈദ്യുത സ്ഥാപിതശേഷി ഉണ്ടാക്കാമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഡി) ഇതിനകം കൈവരിച്ച നേട്ടം വിശദമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധ്യമാകുന്ന ചെറുകിട പദ്ധതികൾ ഏതെല്ലാമാണ്;

(എഫ്) എൽ. ഡി. എഫ്. സർക്കാർ ചൈനീസ് സഹായത്തോടെ തുടക്കം കുറിച്ച് പദ്ധതികളെല്ലാം കമ്മീഷൻ ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

1.	ചെമ്പുകടവ് II	-	3.75 മെഗാവാട്ട്
2.	ഉറുമി I	-	3.75 മെഗാവാട്ട്
3.	ഉറുമി II	-	2.4 മെഗാവാട്ട്
4.	ലോവർ മീൻമുട്ടി	-	3.5 മെഗാവാട്ട്

ഇക്കൊല്ലം നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ ഇവയാണ്.

1.	മണിയാർ ടെയിൽ റേസ്	-	4 മെഗാവാട്ട്
2.	പൂഴിത്തോട്	-	4.8 മെഗാവാട്ട്
3.	വിലങ്ങാട്	-	7.5 മെഗാവാട്ട്
4.	ചാത്തൻകോട്ടുനട	-	6 മെഗാവാട്ട്
5.	പീച്ചി	-	1.5 മെഗാവാട്ട്
6.	ബാരാപോൾ	-	21 മെഗാവാട്ട്

കൂടാതെ 46.25 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ സഹകാര്യ മേഖലയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള SHP സെല്ലിൽ നടന്നു വരുന്നു.

(സി) 475 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിയുന്ന 103 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇതിനകം 78.60 മെഗാവാട്ട് സ്ഥാപിതശേഷി ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേന ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ലോവർ മീൻമുട്ടി (3.5 മെഗാവാട്ട്) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു കരുതുന്നു.

(എഫ്) ഉണ്ട്.

നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ

67 [1168] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോ ടെൻഷൻ, ഹൈ ടെൻഷൻ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് നിരക്ക് കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം ബോർഡിന്റെ മുന്നിൽ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly